(ഡി) ആരോഗ്യരംഗത്തെ പ്രമുഖ സംഘടനകളുമായി ചർച്ച ചെയ്തിട്ടാണ് കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ്സ് ബിൽ തയ്യാറാക്കിയിട്ടുള്ളത്. ബിൽ കേരള നിയമസഭയുടെ 230-ാം നമ്പർ ബില്ലായി പ്രസിദ്ധീകരിച്ചിരിക്കുകയാണ്. ഈ ഘട്ടത്തിൽ യാതൊരുവിധ കൂട്ടിച്ചേർക്കലുകൾക്കും നിർവ്വാഹമില്ല.

ആശുപത്രികളിലെ ഓപ്പറേഷൻ തീയറ്ററുകൾ

90 (2641) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആശുപത്രികളിലെ ഓപ്പറേഷൻ തീയറ്ററുകളിൽ ഉപയോഗിക്കുന്ന ശസ്ത്രക്രിയാ ഉപകരണങ്ങളും മറ്റ് സംവിധാനങ്ങളും പൂർണ്ണമായും അണുവിമുക്ത മാണെന്ന് ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(ബി) ആശുപത്രികളിലും ഓപ്പറേഷൻ തീയറ്ററുകളിലും ശുചിത്വവും സുരക്ഷിതത്വവും ഉറപ്പുവരുത്തുന്നതിന് പ്രത്യേക സമിതികൾ രൂപവൽക്കരിക്കുന്ന കാര്യം പരിഗണിക്കുമോ ;

(സി) ഇല്ലെങ്കിൽ സംസ്ഥാനത്തെ എല്ലാ ആശുപത്രികളിലും ഇതിനായി പ്രത്യേക സമിതികൾ രൂപവൽക്കരിക്കുന്ന കാര്യം പരിഗണിക്കുമോ ;

(ഡി) സ്വകാര്യ ആശുപത്രികളിൽ ഉൾപ്പെടെ സംഘടിപ്പിക്കുന്ന മെഡിക്കൽ ക്യാമ്പുകളിൽ രോഗികൾക്ക് ശസ്ത്രക്രിയാ ഉപകരണങ്ങളിൽനിന്നും മറ്റ് ആശുപത്രി സംവിധാനങ്ങളിൽ നിന്നും അണുബാധ ഉണ്ടാകുന്ന സാഹചര്യം ഒഴിവാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) എല്ലാ ആശുപത്രികളിലും ഓപ്പറേഷൻ തീയേറ്ററുകളിലും അണുവിമുക്തമായ ഉപകരണങ്ങൾ മാത്രമേ ഉപയോഗിക്കുന്നുള്ളൂ എന്ന് ഉറപ്പുവരുത്താൻ മാർഗ്ഗ നിർദ്ദേശങ്ങളുണ്ട്. അത് പാലിക്കുന്നു എന്ന് ഉറപ്പുവരുത്തുന്നത് സ്ഥാപനമേധാവികളാണ്. എൻ.എ.ബി.എച്ച്. അക്രഡിറ്റേഷൻ, കെ.എ. എസ്.എച്ച് അക്രഡിറ്റേഷൻ എന്നിവയുടെ ഭാഗമായും ഇത്തരം കാര്യങ്ങൾ ശ്രദ്ധാന്തിയോടെ ഉറപ്പുവരുത്തുന്നു. ആശുപത്രി മാലിന്യങ്ങൾ കൃത്യമായി സംസ്കരിക്കുകയും സ്റ്റാഫിനും മറ്റും ഇത് സംബന്ധിച്ച് ട്രെയിനിംഗുകളും കൃത്യമായ സൂപ്പർവിഷനും നടത്തുകയും ചെയ്യുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ട്. എൻ.എ.ബി.എച്ച്. അക്രഡിറ്റേഷൻ, കെ.എ.എസ്.എച്ച് അക്രഡിറ്റേഷൻ എന്നിവയ്ക്കായി തെരഞ്ഞെടുക്കപ്പെട്ട എല്ലാ ആശുപത്രികളിലും ഹോസ്പിറ്റൽ ഇൻഫക്ഷൻ കൺട്രോൾ കമ്മിറ്റി രൂപീകരിച്ച് പ്രവർത്തനം നടത്തിവരുന്നു.

(സി) എല്ലാ ആശുപത്രികളിലും ഹോസ്പിറ്റൽ ഇൻഫക്ഷൻ കൺട്രോൾ കമ്മിറ്റി രൂപീകരിക്കുന്നതു സംബന്ധിച്ച വിഷയം പരിശോധിച്ചുവരുന്നു.

(ഡി) സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിലെ മെഡിക്കൽ ഓഫീസർ മാർക്കും സ്ഥാപന മേധാവികൾക്കും ഗവണ്മെന്റ് ഓഫ് ഇന്ത്യ നിർദ്ദേശിക്കുന്ന IMEP (ഇൻഫക്ഷൻ മാനേജ്മെന്റ് ആന്റ് എൻവയോൺമെന്റൽ പ്രൊട്ടക്ഷൻ) അനുസരിച്ചുള്ള പരിശീലനങ്ങൾ റീജണൽ ലെവലിൽ നല്കിയിട്ടുണ്ട്. NABH, KASH അക്രഡിറ്റേഷൻ തെരഞ്ഞെടുക്കപ്പെട്ട ആശുപത്രികളിൽ ജീവനക്കാർക്ക് പരിശീലനം നല്കിയിട്ടുണ്ട്. ഇതുകൂടാതെ സ്ഥാപന മേധാവികൾ ആശുപത്രികളിൽ അണു വിമുക്തമാക്കിയ ശസ്ത്രക്രിയാ ഉപകരണങ്ങൾ മാത്രമേ ഉപയോഗിക്കുന്നുള്ളൂ എന്ന് ഉറപ്പ് വരുത്തുന്നു. സ്വകാര്യ ആശുപത്രികളെ നിയന്ത്രിക്കുന്നതിനായി ആരോഗ്യവകുപ്പിൽ നിലവിൽ നിയമമൊന്നുമില്ല ആയതിനാൽ സ്വകാര്യ ആശുപത്രികൾ നടത്തുന്ന മെഡിക്കൽ ക്യാമ്പുകളിൽ ശസ്ത്രക്രിയാ ഉപകരണങ്ങൾ അണുവിമുക്തമാക്കണമെന്ന നിർദ്ദേശം നല്കിയിട്ടില്ല.

രോഗനിർണ്ണയം നടത്തുന്നതിനുള്ള ലബോറട്ടറി

91 (2642) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വിവിധരോഗങ്ങളുടെ നിർണ്ണയം നടത്തുന്നതിനുള്ള ലബോറട്ടറി സൗകര്യം ഇല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ആധുനിക നിലവാരത്തോടെയുള്ള ഒരു ലബോറട്ടറി സൗകര്യം ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ ;

(സി) എങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്താമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് നിലവിൽ വിവിധ ആശുപത്രികളോട് അനുബന്ധമായി പ്രവർത്തിക്കുന്ന ലബോറട്ടറികൾ കൂടാതെ ആരോഗ്യവകുപ്പിന്റെ കീഴിൽ ആറ് പബ്ലിക് ഹെൽത്ത് ലബോറട്ടറികൾ പ്രവർത്തിക്കുന്നുണ്ട്. സ്റ്റേറ്റ് പബ്ലിക് ഹെൽത്ത്

LIBRARY ARCHIVES Kerala Legislative Assembly